46

# പർവ്വതശൃംഗങ്ങളും താഴ്വരകളും

***വായനാ ഭാഗം #18***

VI. മൂന്നാമത്തെ പെസഹ മുതൽ യേശു ബെഥാന്യയിൽ എത്തുന്നതുവരെ (തുടരുന്നു).
- H. ഹെരോദാവിന്റെ പ്രദേശത്തുനിന്നും വീണ്ടുമൊരു മാറിപോകൽ.
  1. ഗലീലിയിൽ: യേശുവിന്റെ ശത്രുക്കളാൽ വീണ്ടും ആക്രമിക്കപ്പെടുന്നു – തൽഫലമായി വീണ്ടും മാറിപോകുന്നു (മത്താ. 15:39—16:12; മർക്കൊ. 8:10–21).
  2. ബെത്സെയിദയിൽ: ഒരു കുരുടനെ സൗഖ്യമാക്കി (മർക്കൊ. 8:22–26).
  3. കൈസര്യക്ക് അടുത്തുള്ള ഫിലിപ്പിയിൽ: നല്ല ഏറ്റുപറച്ചൽ (മത്താ. 16:13–20; മർക്കൊ. 8:27–30; ലൂക്കൊ. 9:18–21).
  4. കൈസര്യക്കടുത്ത് ഫിലിപ്പിയയിൽ: യേശുവിന്റെ മരണം മുന്നറിയിച്ചു (മത്താ. 16:21–28; മർക്കൊ. 8:31–38; ലൂക്കൊ. 9:22–27).
  5. കൈസര്യക്കടുത്ത് ഫിലിപ്പിയയിൽ (ഹെർമോൻ മലയിൽ?): മറുരൂപപ്പെടൽ (മത്താ. 17:1–13; മർക്കൊ. 9:2–13; ലൂക്കൊ. 9:28–36).

**മുഖവുര**

ഗലീലയിൽ നിന്നു യേശു പല തവണ പിൻവലിയുന്നതായി നമ്മുടെ കഴിഞ്ഞ പാഠങ്ങളിൽ, നാം കണ്ടു കഴിഞ്ഞു:[1] ഗലീലാ കടലിന്റെ കിഴക്കേ കരയിലേക്കും ഫൊയ്നിക്യയിലെ സോർ സിദോൻ എന്നീ പ്രദേശങ്ങളിലേക്കും. ഈ പാഠത്തിൽ, ക്രിസ്തുവിന്റെ പിൻവലിയൽ നാം വീണ്ടും കാണും – ഈ സമയത്ത് ദൂരെ വടക്കോട്ട് മാറി, ഫിലിപ്പിയയിലെ കൈസര്യയുടെ മലമ്പ്രദേശങ്ങളിലേക്കാണ്.

ഓരോ പിൻവലിയലിനും അതിന്റേതായ പ്രാധാന്യമുണ്ട്. ഉദാഹരണത്തിനു, അതിൽ ഒന്നിനിടയിൽ, കർത്താവ് അയ്യായിരം പേരെ പോഷിപ്പിക്കയും വെള്ളത്തിന്മീതെ നടക്കുകയും ചെയ്തു. എങ്ങനെയായാലും, ഇതിലുള്ളത്ര അനവധി നിർണ്ണായക സംഭവങ്ങൾ മറ്റൊന്നിലുമില്ല. ഒരാഴ്ച്ചക്കുള്ളിലാണ്, ഈ സംഭവങ്ങൾ ഒക്കെയും നടന്നത്: നല്ല ഏറ്റു പറച്ചൽ; ക്രിസ്തു തന്റെ സഭ പണിയുമെന്ന വെളിപ്പെടുത്തൽ; അവന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേല്പ് എന്നിവയെ ക്കുറിച്ച്, വ്യക്തവും തീർച്ചയുമായ പ്രഖ്യാപിക്കൽ; മറുരൂപവും. ആ സമയം കർത്താവിന് അസാധാരണമായിരുന്നു എന്ന് മിക്ക വ്യാഖ്യാതാക്കളും സമ്മതിക്കും – അവന്റെ ശുശ്രൂഷയുടെ വഴിത്തിരിവു സൂചിപ്പിക്കുന്ന, ഉച്ചസ്ഥായിയായ ഒരു സമയം.

ഞാൻ ഈ പാഠത്തെ "പർവ്വത ശൃംഗങ്ങളും താഴ്വരകളും" എന്നു

വിളിച്ചിരിക്കുന്നതിന്റെ കാരണം യേശുവിനു ആ കാലം അതിയായ വികാരം ഉണ്ടായിരുന്നു (മർക്കൊസ് 8:12). അവൻ മുഴുമനുഷ്യനായി തീർന്നതുകൊണ്ട്, അവൻ "എല്ലാം കൊണ്ടും" നമ്മിൽ ഒരാളെ പോലെ ആയി (എബ്രായർ 2:17): അവനു സന്തോഷിക്കുവാൻ കഴിഞ്ഞു (ലൂക്കൊസ് 10:21), അവനു ദുഃഖിക്കുവാനും കഴിഞ്ഞു (ലൂക്കൊസ് 19:41; യോഹന്നാൻ 11:35). ഈ അവതരണത്തിൽ വിവരിക്കുന്ന സംഭവങ്ങൾ നടക്കുമ്പോൾ, യേശു താഴ്വരയിൽനിന്നു പർവ്വത ശിഖരങ്ങളിലേക്കും, അവിടെ നിന്നു വീണ്ടും താഴ്വരകളിലേക്കും പൊയ് ക്കൊണ്ടിരുന്നു.

നമ്മുടെ പഠനം തുടരുന്നതോടെ, നാം കർത്താവിന്റെ ഹൃദയം കൂടുതൽ മനസിലാക്കും. നാം നമ്മെക്കുറിച്ചും കൂടുതൽ പഠിക്കും.

## ഒരു താഴ്വരയിൽ: യേശു ദേഷ്യപ്പെട്ടു

## (മത്താ. 15:39—16:12; മർക്കൊ. 8:10-21)

നമ്മുടെ പാഠത്തിന്റെ ആരംഭത്തിൽ, യേശു ഗലീലയിലേക്ക് മടങ്ങി വന്നതു – മഗദാ ദെല്മനൂഥാ പ്രദേശങ്ങളിലേക്കായിരുന്നു (മത്തായി 15:39; മർക്കൊസ് 8:10). ആ ഗ്രാമം ഒരു പക്ഷെ തിബര്യാസിനു[2] നാലു മൈൽ അകലെ വടക്കായി സ്ഥിതി ചെയ്തിരുന്ന, മഗ്ദല എന്ന ഗ്രാമത്തിനടുത്തായിരിക്കാം.

### അവന്റെ ശത്രുക്കളാൽ തടസപ്പെട്ടു

ക്രിസ്തു എത്തിയപ്പോൾ, അവന്റെ എതിരാളികളും എത്തി, പരീശന്മാർ, "അവനുമായി തർക്കിക്കുവാൻ തുടങ്ങി" (മർക്കൊസ് 8:11). വിചിത്രമായി, അവരോടുകൂടെ സദൂക്യരും ഉണ്ടായിരുന്നു (മത്തായി 16:1). മുൻപ് സദൂക്യരെ കുറിച്ച് നമ്മുടെ പഠനത്തിൽ[3] നാം പഠിക്കുകയുണ്ടായി, എന്നാൽ സുവിശേഷവിവരണങ്ങളിൽ ആദ്യമായിട്ടാണ് സദൂക്യരെ കുറിച്ചു പറഞ്ഞിരിക്കുന്നത്. സാധാരണ, പരീശന്മാരും സദൂക്യരും ബദ്ധ ശത്രുക്കളായിരുന്നു; എന്നാൽ രണ്ടുകൂട്ടർക്കും ക്രിസ്തു ഭീഷണി ആണെന്നു കണ്ടപ്പോൾ, അവനെ നശിപ്പിക്കുവാൻ[4] അവർ യോജിച്ചു. രാഷ്ട്രീയം പോലെ, പക "അപരിചിതരെ പോലും കൂടെ കിടത്തുമാറാക്കും."[5]

ഈ സാഹചര്യത്തിൽ, പരീശന്മാർ മുൻപു ഉയർത്തിയ പ്രശ്നം ഒരു വെല്ലുവിളിയായി വീണ്ടും കൊണ്ടുവന്നു: അവർ ക്രിസ്തുവിനോട് "അവനെ പരീക്ഷിക്കേണ്ടതിന്നു, സ്വർഗത്തിൽനിന്നു ഒരു അടയാളം" ചോദിച്ചു (മർക്കൊസ് 8:11; നോക്കുക മത്തായി 12:38–42; 16:1; യോഹ ന്നാൻ 2:18). കർത്താവ് നൂറ് കണക്കിനു അത്ഭുതങ്ങൾ, മരിച്ചവരെ ഉയർപ്പിക്കുന്ന തുൾപ്പെടെ ചെയ്തു കഴിഞ്ഞതുകൊണ്ട്, കൃത്യമായും അവർ ആഗ്രഹിച്ചത് എന്താണെന്നു പറയുക പ്രയാസമാണ്. ഒരുപക്ഷെ "സ്വർഗത്തിൽനിന്ന്"[6] എന്ന വാക്കിനു പ്രത്യേകതയുണ്ടായിരിക്കാം. മത്തായി 16:2, 3–ൽ "സ്വർഗം" എന്ന വാക്കിനു ഉപയോഗിച്ച ഗ്രീക്ക് വാക്കിന്റെ അർത്ഥം "ആകാശം" എന്നാണ്. ഒരുപക്ഷെ യോശുവ ചെയ്തതുപോലെ സൂര്യനേയും ചന്ദ്രനേയും നിശ്ചലമാക്കിയതു പോലെയോ (യോശുവ 10:12, 13), അല്ലെങ്കിൽ ഏലിയാവ് ചെയ്തതു പോലെ സ്വർഗ്ഗത്തിൽനിന്നു തീ ഇറക്കുവാനോ (1 രാജാക്കന്മാർ 18:38), മറ്റോ ആയിരിക്കാം പരീശന്മാർ യേശുവിനെ വെല്ലു വിളിച്ചത് .

പരീശന്മാരും സദൂക്യരുമായുള്ള ഏറ്റുമുട്ടൽനിമിത്തം ക്രിസ്തു ''ആത്മാവിൽ ഞരങ്ങി'' എന്നാണ്, മർക്കൊസ് രേഖപ്പെടുത്തിയത് (മർക്കൊസ് 8:12). എത്ര വലിയ അത്ഭുതമായാലും, എത്ര മനോഹരമായി ചെയ്താലും, അവരെ[7] തൃപ്തിപ്പെടുത്തുവാൻ കഴിയുകയില്ല എന്ന് അവനറിയാമായിരുന്നു. "പർപ്പിൾ നിറം എനിക്ക് കാണിച്ചു താ *എങ്കിൽ* ഞാൻ വിശ്വസിക്കാം," എന്നു പറയുന്ന ഒരന്ധനെ പോലെ ആയിരുന്നു അവർ. അവരുടെ കണ്ണുകൾ അടച്ചിരിക്കുന്നു; അവരുടെ ഹൃദയം കഠിനപ്പെട്ടിരിക്കുന്നു; അവർ ബോധ്യപ്പെടുവാൻ ഒരു വഴിയുമില്ല.

യേശു അവർക്ക് ചുരുങ്ങിയ ഉത്തരം നല്കി. അവർക്ക് ആകാശത്ത് നോക്കി കാലാവസ്ഥ എങ്ങനെയുള്ളതായിരിക്കുമെന്നു[8] മുൻകൂട്ടി പറയുവാൻ കഴിവുണ്ട് എന്ന് അവൻ പറഞ്ഞു. എങ്ങനെയായാലും, അവരുടെ ദുരഭിമാന ഹൃദയം നിമിത്തം, അവർക്ക് യേശുവിനെയും അവന്റെ ശുശ്രൂഷയേയും കാണുവാനോ അവൻ ആരായിരുന്നു എന്നു ഗ്രഹിക്കുവാനോ കഴിഞ്ഞില്ല (മത്തായി 16:2, 3).[9] അവൻ അവസാനം പറഞ്ഞു, "ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു; യോനയുടെ അടയാളമല്ലാതെ, അതിനു അടയാളം ലഭിക്കയുമില്ല" (മത്തായി 16:4). അവന്റെ ദൈവികത്വത്തിന്റെ അവസാന തെളിവു വെളിപ്പെടുത്തുന്നതായിരുന്നു അത്, അതായത് അവന്റെ ഉയിർത്തെഴുന്നേല്പ് (റോമർ 1:4 നോക്കുക). യോനാ മൂന്നു ദിവസം മൽസ്യത്തിനുള്ളിൽ കിടന്നതുപോലെ, മനുഷ്യപുത്രനും കല്ലറയിൽ കിടക്കേണ്ടതാകുന്നു (മത്തായി 12:40).[10]

**അവന്റെ സ്നേഹിതന്മാരാൽ നിരാശനാക്കപ്പെട്ടു**

ഗലീലിയിൽ സമയം ചെലവിടുവാൻ യേശു ആഗ്രഹിച്ചിരുന്നു എങ്കിൽ, തക്ക സമയത്തു തന്നെ അവന്റെ ശത്രുക്കൾ അതു അസാദ്ധ്യ മാക്കി. പെട്ടെന്ന്, ''അവൻ അവരെ വിട്ടു പോയി'' (മത്തായി 16:4). തന്റെ ശിഷ്യന്മാരുമായി പടകിൽ കയറി, ഒരിക്കൽ കൂടി ഗലീലാ കടലിന്റെ കിഴക്കേ തീരത്തേക്ക് അവൻ പോയി (മർക്കൊസ് 8:13) – ഈ സമയത്ത് ബെത്ത്സെയിദയിൽ[11] എല്ലാവരും കാൺകെ ആയിരുന്നു.

ഈ യാത്രയിൽ, ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് ഒരു മുന്നറിയിപ്പ് നല്കി: "പരീശന്മാരുടേയും സദൂക്യരുടേയും പുളിച്ച മാവ് സൂക്ഷിച്ചു കൊൾവിൻ" (മത്തായി 16:6). "ഹെരോദാവിന്റ[12] പുളിച്ച മാവും ... സൂക്ഷിച്ചു കൊൾവിൻ" എന്നും, അവൻ പറഞ്ഞു (മർക്കൊസ് 8:15) – ഒരുപക്ഷെ പരീശന്മാരുമൊത്ത് യേശുവിനെ നശിപ്പിക്കുവാൻ നോക്കിയ ഹെരോദാവിനെയായിരിക്കാം അവൻ ഉദ്ദേശിച്ചത് (മർക്കൊസ് 3:6).[13]

''മാവ്'' എന്ന അലങ്കാരം ബൈബിളിൽ ഉപയോഗിച്ചിരിക്കുന്നതു സ്വാധീനത്തെ, പ്രത്യേകിച്ച് നിഷേധ സ്വാധീനത്തെ[14] സൂചിപ്പിക്കുന്നതിനാണ്. അവനെ മശിഹയായി സ്വീകരിക്കുവാൻ അവർക്ക് കഴിയാതിരുന്നത് ആ ആളുകളുടെ ഏക–പക്ഷീയമായ ആശയങ്ങളായിരുന്നു എന്ന് യേശുവിനറിയാമായിരുന്നു. മശിഹയെയും അവന്റെ രാജ്യത്തെയും മനസിലാക്കുവാൻ ശിഷ്യന്മാർക്ക് പോലും അവരുടെ മുൻവിധി മൂലം വിഷമം നേരിട്ടു. കർത്താവിന്റെ മുന്നറിയിപ്പിനെ ഇങ്ങനെ പറയാമായിരിക്കാം, ''സത്യം കാണാതിരിക്കുന്നതിനു തടസമാകുന്ന മുൻവിധികളെ സൂക്ഷിക്കുക."

ക്രിസ്തു എന്താണ് പറഞ്ഞതെന്ന് അപ്പൊസ്തലന്മാർക്ക് മനസിലായില്ല. "മാവ്" എന്നു കേട്ടപ്പോൾ അവർക്ക് തോന്നിയത് അപ്പത്തെ കുറിച്ചാണ്. യേശു പെട്ടെന്നു പുറപ്പെട്ടതുകൊണ്ട് അവർ ഒരു കഷണം അപ്പമേ എടുത്തിരുന്നുള്ളൂ (മർക്കൊസ് 8:14). യജമാനൻ യാത്രക്ക് വേണ്ട അപ്പം കൊണ്ടു വരാതിരുന്നതുകൊണ്ടു ശാസിച്ചതാണെന്നാണ് അവർ വിചാരിച്ചത് (മത്തായി 16:7; മർക്കൊസ് 8:16).

അവരുടെ ഗ്രാഹ്യക്കുറവിൽ യേശുവിനു വിഷമമുണ്ടായി, അവൻ അവരെ "അല്പവിശ്വാസികൾ" എന്നാണ് വിളിച്ചത് (മത്തായി 16:8). അവൻ അയ്യായിരം പേരെ പോഷിപ്പിച്ച സ്ഥലത്തിനടുത്തായിരുന്നു അവർ (ലൂക്കൊസ് 9:10–17), അവൻ നാലായിരം പേരെ പോഷിപ്പിച്ച സ്ഥലത്തിന് അധികം ദൂരെയുമായിരുന്നില്ല (മർക്കൊസ് 7:31; 8:1–9).[15] ചുരുങ്ങിയ സാധനങ്ങൾകൊണ്ട് ആയിരക്കണക്കിനു ആളുകളെ അവനു പോറ്റുവാൻ കഴിഞ്ഞെങ്കിൽ (മത്തായി 16:9, 10), വേണമെങ്കിൽ, അവനു ഒരു കഷണം അപ്പം കൊണ്ട് നിസാര കൂട്ടത്തെ പോറ്റു വാൻ കഴിയുമെന്നും അവർ മന സ്സിലാക്കണമായിരുന്നു – എന്നാൽ അവൻ അതു ചെയ്തില്ല, അതുകൊണ്ട്, അവരുടെ ഉള്ളിൽ ഭൗതിക അപ്പമായിരുന്നു. അപ്പൊസ്തലന്മാർ അവസാനം "അങ്ങനെ അപ്പ ത്തിന്റെ പുളിച്ച മാവല്ല, പരീശന്മാരുടേയും സദൂക്യരുടേയും *ഉപദേശ മത്രേ* സൂക്ഷിച്ചുകൊൾവാൻ അവൻ പറഞ്ഞു എന്നു ഗ്രഹിച്ചു" (മത്തായി 16:12; എംഫസിസ് മൈൻ).

### ഒരു താഴ്‌വരയിൽ: യേശു മനസലിവുള്ളവൻ[16]
### (എന്നാൽ ...) (മർക്കൊ. 8:22-26[17])

പൊതുവിൽ കാര്യങ്ങൾ അങ്ങനെ ആയതുകൊണ്ട്, ഗലീലയിൽ നിന്നു പിൻവാങ്ങുവാൻ അവനു പല കാരണങ്ങളുണ്ടായിരുന്നു: അവൻ തന്റെ ശത്രുക്കളിൽനിന്നകന്നു നില്ക്കുവാൻ ആഗ്രഹിച്ചു (നോക്കുക മത്തായി 16:4; മർക്കൊസ് 8:13), എന്നാൽ അവൻ തന്റെ ശിഷ്യന്മാരുമായി തനിച്ച് കുറെ സമയം ചെലവഴിക്കുവാനും ആഗ്രഹിച്ചിരുന്നു. തന്റെ മരണം അടുത്തിരിക്കയാൽ രണ്ടാമത്തേതിനുള്ള പ്രാധാന്യം വർദ്ധിച്ചതായിരുന്നു (മർക്കൊസ് 8:31). അവൻ വടക്കോട്ട്, ഫിലിപ്പിയയിലെ കൈസര്യയിലേക്ക് പോകുവാൻ തീരുമാനിച്ചു, ചുരുങ്ങിയത് അവിടെ അല്പമെങ്കിലും ശാന്തത ലഭിക്കുമായിരുന്നു.

ആ ദിശയിലേക്ക് അവർ യാത്ര തിരിച്ച് "ബെത്ത്സെയിദയിലെത്തി" (മർക്കൊസ് 8:22). കടലിന്റെ[18] വടക്കേ തീരത്തുള്ള, ബെത്ത് സെയിദാ–ജൂലിയാസ് ആയിരുന്നു അത്. അവർ ടൗണിലെത്തിയപ്പോൾ, ആളുകൾ "ഒരു കുരുടനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു" (വാ. 22) അതു സൗഖ്യമാക്കുവാനായിരുന്നു. യേശു അവരുടെ ആവശ്യം നിഷേധിച്ചില്ല. എല്ലായ്പ്പോഴുമെന്ന പോലെ, അവനു മനസലിവുണ്ടായിരുന്നു – എന്നാൽ അവരുടെ യാത്ര താമസിപ്പിക്കുമെന്നതിനാൽ, വലിയ പുരുഷാരത്തെ ഒഴിവാക്കി. അവൻ കുരുടനെ സൗഖ്യമാക്കുന്നതിനു മുൻപു ടൗണിനു പുറത്തേക്ക് കൊണ്ടുപോയി (വാ. 23) അതിനുശേഷം, ഇത് ആരോടും പറയരുതെന്ന് നിർദ്ദേശിച്ചിട്ട്, വീട്ടിലേക്ക് പറഞ്ഞയച്ചു (വാ. 26).

ഈ സൗഖ്യമാക്കലിൽ പല സവിശേഷതകളുണ്ട്. ചിലപ്പോൾ മാത്രമാണ് യേശു സൗഖ്യമാക്കിയവരെ സ്പർശിച്ചത്. സൗഖ്യമാക്കു വാൻ അവൻ ഒരിക്കൽ കൂടെ തുപ്പൽ ഉപയോഗിച്ചു (മർക്കൊസ് 7:33, 34).

എങ്ങനെയായാലും, രണ്ടു ഭാഗമായിട്ടാണ്[19] ഈ അത്ഭുതം നടന്നത് എന്നതാണ്, ഇതിന്റെ പ്രത്യേകത. രണ്ടു സംഭവങ്ങളിലേയും ശിഷ്യ ന്മാരുടെ വിശ്വാസക്കുറവും, മനസിലാക്കുന്നതിൽ നേരിട്ട വിഷമവും നൽകുന്ന പാഠം, വിശ്വാസം ഉടനെ വരുന്നതല്ല, മറിച്ച് ഘട്ടം ഘട്ടമായിട്ടാണ് എന്നതാണ്. യേശുവിന്റെ ഉദ്ദേശം എന്തായിരുന്നു എന്ന് വാസ്ത വത്തിൽ നമുക്ക് അറിയില്ല.

തൊടുന്നതും, തുപ്പുന്നതും ഉൾപ്പെട്ട പ്രത്യേകതകളുള്ള ഈ അത്ഭുതത്തിന്റെ രണ്ടു-ഘട്ടമായുള്ള പ്രത്യേകത പോലും യാദൃശ്ചിക മായിരുന്നു എന്നു നാം കണ്ടു കഴിഞ്ഞു. നടപടിയിലല്ല, വ്യക്തിയിലാണ് ശക്തി എന്നു തെളിയിക്കുവാൻ യേശു വിവിധ രീതികൾ അവലംബി ച്ചിരുന്നു.

## ഒരു പർവ്വത ശിഖരത്തിൽ: യേശു ആഹ്ലാദിച്ചു (മത്താ. 16:13-20; മർക്കൊ. 8:27-30; ലൂക്കോ. 9:18-21)

ബെത്ത്സെയിദാ-ജൂലിയാസിൽ നിന്നു, യേശുവും ശിഷ്യന്മാരും തങ്ങളുടെ അവസാന ലക്ഷ്യസ്ഥാനമായ ഫിലിപ്പിയിലെ കൈസര്യയിൽ എത്തുന്നതുവരെ യാത്ര തുടർന്നു. താൻ വാസ്തവത്തിൽ ആരാണെന്നാണ് അവർ വിശ്വസിക്കുന്നതെന്ന് അവൻ ശിഷ്യന്മാരോടു ഇവിടെവെച്ചു ചോദിച്ചു. അതു അപ്പൊസ്തലന്മാരെ സംബന്ധിച്ച് ഒരു നിർണ്ണായക പരീക്ഷണം ആയിരുന്നു.

### ഒരു പ്രത്യേക പരീക്ഷ

ക്രിസ്തു പ്രാർത്ഥിച്ച ശേഷം (ലൂക്കൊസ് 9:18), അവൻ ശിഷ്യന്മാരെ വിളിച്ചു ചോദിച്ചു, "ജനങ്ങൾ മനുഷ്യപുത്രനെ ആർ എന്നു പറയുന്നു?" (മത്തായി 16:13). അവർ മറുപടിയായി പറഞ്ഞു, "ചിലർ യോഹന്നാൻ സ്നാപകൻ എന്നും; മറ്റു ചിലർ, ഏലിയാവെന്നും; വേറെ ചിലർ, യിരെമ്യാവോ, പ്രവാചകന്മാരിൽ ഒരുത്തനോ എന്നും പറയുന്നു'' (മത്തായി 16:14; നോക്കുക മർക്കൊസ് 6:14-16; ലൂക്കൊസ് 9:7, 8).[20] അവർ ഓരോരുത്തരും പ്രമുഖരായ ദൈവദാസന്മാരായിരുന്നു. അത് ഒരു പ്രശംസയായി തോന്നിയേക്കാം - എന്നാൽ അങ്ങനെ ആയിരുന്നില്ല. അത് ഒരു ത്യജിക്കൽ ആയിരുന്നു: യേശു മശിഹ ആണെന്നു സ്വീകരിക്കാതിരിക്കലായിരുന്നു അത്.

പിന്നെ യേശു സർവ്വ-പ്രധാനമായ ഒരു ചോദ്യം അവരോട് ചോദിച്ചു: "*നിങ്ങളോ* എന്നെ ആർ എന്നു പറയുന്നു?" (മത്തായി 16:15; എംഫസിസ് മൈൻ). വരുവാനുള്ള മശിഹ അവനാണെന്നു കരുതി ആരംഭത്തിൽ തന്നെ അപ്പൊസ്തലന്മാർ അവനെ അനുഗമിച്ചിരുന്നു (യോഹന്നാൻ 1:41, 49) - എന്നാൽ മശിഹ എന്ന നിലയിലുള്ള ദേശീയ പ്രതീക്ഷ അവൻ നിലനിർത്തിയില്ല. കുറെ കാലം, വളരെ പുരുഷാരം അവനെ അനുഗമിച്ചുകൊണ്ടിരുന്നു, എന്നാൽ ജനത്തിനിടയിൽ അവനുണ്ടായ പ്രചാരം അവനെതിരായി തീർന്നു (യോഹന്നാൻ 6:66). ഇതിന്റെയെല്ലാം വെളി ച്ചത്തിൽ, ശിഷ്യന്മാർ അപ്പോഴും അവനിൽ വിശ്വസിച്ചിരുന്നോ? അവൻ മശിഹ ആയിരുന്നു എന്നതിൽ, അവർക്ക് അപ്പോഴും മണ്ണിലെ-പാറ പോലെ, ഉറപ്പുണ്ടായിരുന്നോ?

പത്രൊസ് സംസാരിച്ചു, നല്ല ഏറ്റുപറച്ചലായി[21] അതറിയപ്പെടുന്നു: "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ, ക്രിസ്തുവത്രേ" (മത്തായി 16:16). ''ക്രിസ്തു'' എന്നതിന്റെ ഗ്രീക്ക് രൂപമാണ് ''മശിഹ.'' പ്രവാചകന്മാർ മുന്നറിയിച്ചതും യെഹൂദ ദേശം നോക്കിപ്പാർത്തിരുന്നവനുമായിരുന്നു ക്രിസ്തു, എന്നു പത്രൊസ് വിശ്വസിച്ചിരുന്നു എന്നാണ് അവൻ ഊന്നിപ്പറഞ്ഞത്.

**ഒരു പ്രത്യേക വിശദീകരണം**

ഇതു പറഞ്ഞപ്പോൾ യേശുവിലുണ്ടായിരുന്ന ആഹ്ലാദം ഊഹിക്കുവാൻ പ്രയാസമില്ല, "ബർയോനാ ശീമോനേ,[22] നീ ഭാഗ്യവാൻ, ജഡ രക്തങ്ങൾ അല്ല, സ്വർഗസ്ഥനായ[23] എന്റെ പിതാവത്രേ നിനക്ക് ഇതു വെളിപ്പെടുത്തിയത്. നീ പത്രൊസ് ആകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും" (മത്തായി 16:17, 18).

"പത്രൊസ്" എന്ന വാക്കിലും "പാറ" എന്ന വാക്കിന്മേലും വിവാദങ്ങൾ ഉയർന്നിട്ടുണ്ട്. കത്തോലിക്കർ വാക്യം 18 എടുത്ത് സഭ പത്രൊസിന്മേലാണ്[24] പണിതിരിക്കുന്നതെന്നു പറയുന്നു. "പത്രൊസ്" എന്നതു ഗ്രീക്കിൽ നിന്നു തർജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം ''പാറ'' എന്നാണെന്നതു വാസ്തവമാണ് – എന്നാൽ യേശു വാക്യം 18-ൽ "പാറ" എന്ന വാക്കിനു രണ്ടു വ്യത്യസ്ത ഗ്രീക്ക് വാക്കുകളാണ് ഉപയോഗിച്ചത്. *പെട്രോസ്* എന്ന ഗ്രീക്ക് വാക്കിൽനിന്നാണ് ''പത്രൊസ്'' എന്ന വാക്ക് വന്നിരിക്കുന്നത്, എന്നാൽ *പെട്രാ* എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് "പാറ" എന്ന വാക്ക് വന്നിരിക്കുന്നത്. വ്യത്യസ്ത വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു എന്നു മാത്രമല്ല, ആദ്യത്തേത് പുല്ലിംഗവും രണ്ടാമത്തേത് സ്ത്രീലിംഗവുമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. കൂടാതെ, രണ്ടു വാക്കുകളുടേയും അർത്ഥവും വ്യത്യസ്തമാണ്. ഡബ്ല്യു. ഈ. വൈൻ എഴുതി, "*പെട്രാ* എന്നതു വലിയ പാറക്കൂട്ടത്തെയും, അതിൽനിന്നു വ്യത്യസ്തമായി, *പെട്രോസ്* എന്നതു ഉടച്ചതോ ഇളക്കി മാറ്റാവുന്നതോ, അല്ലെങ്കിൽ എടുത്ത് എറിയാവുന്നതോ ആയ കല്ലിനെയാണ്."[25]

ക്രിസ്തു ഇവിടെ വാക്കുകൾ കൊണ്ട് പന്താടുകയായിരുന്നു. വാസ്തവത്തിൽ, അവൻ ഇതു പറഞ്ഞപ്പോൾ, അവൻ തന്റെ കയ്യിൽ പാറകൊണ്ട് അമ്മാനം ആടുന്നതു എനിക്ക് ഊഹിക്കുവാൻ കഴിയും, ''പത്രൊസേ, നീ ഒരു പാറയാണ്.'' പിന്നെ പാറക്കൂട്ടത്തിന്മേൽ അടിസ്ഥാനമിട്ട് പണിതിരിക്കുന്ന ഫിലിപ്പിയിലെ കൈസര്യയെ ചൂണ്ടി അവൻ പറയുന്നതായി എനിക്കു കാണാം, "*ഇതു*പോലെയുള്ള പാറമേൽ, ഞാൻ എന്റെ സഭയെ പണിയും."

എന്തു പാറമേലാ*യിരുന്നു* കർത്താവ് തന്റെ സഭ പണിയുമെന്നു പറഞ്ഞത്? പത്രൊസ് പറഞ്ഞ പാറപോലുള്ള ഏറ്റു പറച്ചലിന്മേലാണ്[26] ക്രിസ്തു തന്റെ സഭ പണിയുമെന്നു പറഞ്ഞതു എന്ന കാര്യത്തിൽ കത്തോലിക്കർ-അല്ലാത്ത മിക്ക വ്യാഖ്യാതാക്കളും സമ്മതിക്കും. ഉദാഹരണത്തിനു, ജെ. ഡബ്ല്യു. മെക്ക്ഗാർവേ ചൂണ്ടിക്കാട്ടി,

> ... യേശു ഒരു രൂപം പണിയുടെ സ്ഥാനത്തായിരിക്കുമ്പോൾ, പത്രൊസ് താക്കോൽ-വാഹകന്റെ സ്ഥാനത്തും ആയിരിക്കുമ്പോൾ, രണ്ടു പേരെയും

> അടിസ്ഥാനമായി പറയുവാൻ കഴിയുകയില്ല. അതുകൊണ്ട് പത്രൊസ് പറഞ്ഞ ഏറ്റു പറച്ചലാണ് ഇവിടെ അടിസ്ഥാനം, കാരണം അത്തരം പ്രായോഗികതക്കു മാത്രമാണ് സ്ഥാനമുള്ളത്.[27]

ആ സാഹചര്യം പത്രൊസ്/പാറ വിവാദം അതിന്റെ പ്രാധാന്യ ത്തിനു മങ്ങൽ ഏല്പിച്ചത് എത്ര വേദകരമാണ്! അപ്പൊസ്തലന്മാർ ഭാവി വെളിപ്പെടുത്തേണ്ടതിന്നു തയ്യാറായിരിക്കുമെന്നു, പത്രൊസിന്റെ ഏറ്റു പറച്ചലിൽ നിന്നു യേശു മനസിലാക്കി കാണും. അങ്ങനെ താൻ *സഭ* പണിയുവാനാണ് വന്നത് എന്ന ഞെട്ടിക്കുന്ന വസ്തുത പറഞ്ഞു, അവന്റെ സഭ (നോക്കുക എഫെസ്യർ 1:22, 23; 2:16; 3:10, 11; 4:4; കൊലൊസ്യർ 1:18). ആ പ്രസ്താവന "ഞെട്ടിക്കുന്നതു" എന്നു ഞാൻ പറയുവാൻ കാരണം അതു തികച്ചും അപ്രതീക്ഷിതമായിരുന്നു. അതു യെഹൂദന്മാരുടെ, ഭൗതികരാജ്യ ആശയത്തിനു എതിരായിരുന്നു.

ഈ പ്രഖ്യാപനം നടത്തിക്കൊണ്ടു, ക്രിസ്തു ശിഷ്യന്മാർക്കു സുപരിചിതമായ മശിഹാ/രാജ്യം എന്ന വാക്ക് പൂർണ്ണമായി ഉപേക്ഷിച്ചില്ല (നോക്കുക മത്തായി 16:19); എന്നാൽ അവൻ, വാസ്തവത്തിൽ, പറഞ്ഞതു തന്റെ രാജ്യത്തിന്റെ സ്വഭാവം ഭൗതികമല്ല, പിന്നെയോ ആത്മികമാണ് എന്നത്രേ. അവനു രാഷ്ട്രീയ സ്ഥാപനത്തിനു താൽ പര്യമില്ലായിരുന്നു; അവൻ തന്റെ *സഭ* പണിയുവാനാണ് പോയത്.

പുതിയ നിയമത്തിൽ ഇത് ആദ്യമായിട്ടാണ് "സഭ" എന്ന വാക്ക് ഉപയോഗിച്ചത്, എന്നാൽ അതു അവസാനത്തേതുമായിരുന്നില്ല. പുതിയ നിയമത്തിൽ[28] "സഭ" എന്ന വാക്ക് നൂറിലധികം പ്രാവശ്യം കാണു ന്നുണ്ട്. ക്രിസ്തു ഉയർത്തെഴുന്നേല്ക്കുകയും രാജ്യം/സഭ സ്ഥാപിക്കയും ചെയ്തശേഷം, അത് ക്രിസ്തുവിന്റെ അനുയായികളെ ഒരു സംഘമായി ഉപയോഗിക്കുന്നതിനുള്ള മുഖ്യവാക്കായി തീർന്നു.

നമുക്ക് യേശു മത്തായി 16:18, 19-ൽ ശിഷ്യന്മാരോടു പറഞ്ഞ പ്രസ്താവനയിലേക്ക് തിരിച്ചുവരാം. മശിഹാ രാജ്യം ഒരിക്കലും നശിക്കാത്തതായിരിക്കുമെന്ന് ദാനിയേൽ പ്രവചിച്ചിരുന്നു (ദാനിയേൽ 2:44). തന്റെ രാജ്യം/സഭ ഒരിക്കലും നശിക്കയില്ല എന്ന് ഇപ്പോൾ ക്രിസ്തു പ്രഖ്യാപിച്ചിരിക്കുന്നു: "പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല" (മത്തായി 16:18). "പാതാളം" എന്നതു "അദൃശ്യലോകം" ആണ്, ഓരോരുത്തരും മരണം എന്ന "ഗോപുരത്തിൽ" കൂടെ കടന്നാണ്, പാതാളത്തിലേക്ക് പോകുന്നത്. *യേശു*വിന്റെ മരണം സഭയെ നശിപ്പിച്ചില്ല: യേശുവിനെ ക്രൂശിൽ അയച്ചുകൊണ്ടു ദൈവപദ്ധതിയെ പരാജയപ്പെടുത്താം എന്നു സാത്താൻ കരുതി, എന്നാൽ സഭയുടെ ആവിർഭാവത്തിനു ആ മരണം അനിവാര്യമായിരുന്നു (പ്രവൃത്തികൾ 20:28; എഫെസ്യർ 5:23, 25). *സഭാംഗങ്ങളുടെ* മരണത്തിനും സഭയെ[29] നശിപ്പിക്കുവാൻ കഴിഞ്ഞില്ല. പിന്നീട്, സാത്താൻ ക്രിസ്ത്യാനികളിൽ ഉപദ്രവം അഴിച്ചുവിട്ടു, എന്നാൽ അവന്റെ സൂത്രം സഭയെ നശിപ്പിക്കുന്നതിനു പകരം വ്യാപിക്കുവാൻ ഇടയാക്കി (പ്രവൃത്തികൾ 8:1–4).

പിന്നീടു എടുത്തുചാട്ടക്കാരനായ അപ്പൊസ്തലന് ക്രിസ്തു പ്രതിഫലമായി ഈ വാഗ്ദാനം നൽകി: "സ്വർഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; നീ ഭൂമിയിൽ കെട്ടുന്നതു ഒക്കെയും സ്വർഗത്തിൽ

കെട്ടപ്പെട്ടിരിക്കും, നീ ഭൂമിയിൽ അഴിക്കുന്നതു ഒക്കെയും സ്വർഗത്തിൽ അഴിഞ്ഞിരിക്കും" (മത്തായി 16:19).

വാഗ്ദാനത്തിന്റെ രണ്ടാം ഭാഗം – കെട്ടുന്നതും അഴിക്കുന്നതും ആയ വാഗ്ദാനം – പത്രൊസിനു മാത്രമായി കൊടുത്തതായിരുന്നില്ല; വാഗ്ദാനം പിന്നീട് എല്ലാ അപ്പൊസ്തലന്മാർക്കുമായി വിപുലപ്പെടുത്തു കയുണ്ടായി (മത്തായി 18:18). വേദഭാഗം പറയുന്നതു ശ്രദ്ധിക്കുക: "... നീ ഭൂമിയിൽ കെട്ടുന്നതു ഒക്കെയും സ്വർഗത്തിൽ *കെട്ടപ്പെട്ടിരിക്കും*; നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗത്തിൽ *അഴിഞ്ഞിരിക്കും*." (എംഫസിസ് മൈൻ.) അത് ഏതാണ്ടു മോശമായി[30] വായിച്ചേക്കാം, പക്ഷെ അതു അക്ഷരികമായ തർജിമയാണ്. അപ്പൊസ്തലന്മാരുടെ ദൈവശ്വാസിയ ഉപദേശത്തിനായിരുന്നു യേശു ഊന്നൽ കൊടുത്തത് (അതു മനുഷ്യരെ "കെട്ടുന്നതും" "അഴിക്കുന്നതും" ആയിരുന്നു), കൂടാതെ ആ ഉപദേശം അവരുടേതല്ല എന്നതും അവൻ ഊന്നി പറഞ്ഞിരുന്നു: "കെട്ടുന്നതും" "അഴിക്കുന്നതും" *സ്വർഗത്തിലാണ്* ആരംഭിക്കുന്നത്, പിന്നെയാണ് (പിന്നെ മാത്രം) അപ്പൊസ്തലന്മാർ, ദൈവശ്വാസിയമായി, ഭൂമിയിൽ "കെട്ടുവാനും" "അഴിക്കുവാനും" തുട ങ്ങിയത്.

യേശു പത്രൊസിനു ഒരു പ്രത്യേക അധികാരം നൽകി – വാഗ്ദാന ത്തിന്റെ ആദ്യഭാഗം: "സ്വർഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്ക് തരുന്നു." താക്കോലിന്റെ പ്രാഥമിക ഉദ്ദേശം പ്രവേശനത്തിനു തുറന്നു കൊടുക്കുക എന്നതാണ്. യെഹൂദന്മാരും ജാതികളും എങ്ങനെ രക്ഷി ക്കപ്പെടണമെന്ന് പത്രൊസാണ് ആദ്യമായി പറഞ്ഞത് (പ്രവൃത്തികൾ 2:14–43; 10:24–43, 47; 15:7), അങ്ങനെ രാജ്യം/സഭയിലേക്ക് എങ്ങനെ പ്രവേശിക്കണ മെന്നും പറഞ്ഞു. തീർച്ചയായും, എങ്ങനെ രക്ഷിക്കപ്പെടണം എന്നു പറയുവാനുള്ള നേട്ടം പത്രൊസിനു മാത്രമല്ല ലഭിച്ചത്; എല്ലാ അപ്പൊസ്തലന്മാരും രക്ഷിക്കുന്ന സുവിശേഷം പ്രസംഗിക്കുക യുണ്ടായി. *ആദ്യമായി* പ്രസംഗിക്കുക എന്ന പ്രത്യേക പ്രതിഫലമാണ് പത്രൊസിനു ലഭിച്ചത്.

അത് ഒരു ആവേശകരമായ ദിവസമായിരുന്നു. ശിഷ്യന്മാർ അപ്പോഴും വളരെ പഠിക്കേണ്ടിയിരുന്നു, പക്ഷെ അവരുടെ വിശ്വാസം ശക്തമായിരുന്നു. യേശുവിനു സന്തോഷമായി – എന്നാൽ "അവൻ ക്രിസ്തു ആണെന്നു ആരോടും പറയരുതെന്ന് അവൻ ശിഷ്യന്മാരെ വിലക്കിയിരുന്നു" (മത്തായി 16:20). ധൈര്യത്തോടെ സത്യം പ്രഖ്യാപിക്കുവാനുള്ള സമയം വരുന്നു (പ്രവൃത്തികൾ 2:36 നോക്കുക), പക്ഷെ ആ സമയം അപ്പോഴായിരുന്നില്ല.

### താഴ്വരയിൽ: യേശു ഭാരപ്പെട്ടു (മത്താ. 16:21-28; മർക്കൊ. 8:31-38; ലൂക്കൊ. 9:22-27)

ഭാവിയെ നേരിടുവാനും പഠിക്കുവാനും അപ്പൊസ്തലന്മാർ തയ്യാ റായി എന്നു യേശു കണ്ടപ്പോൾ, അവൻ സഭ സ്ഥാപിക്കുവാൻ പോകുന്നു എന്ന് അവരോട് അരുളിച്ചെയ്തു. എങ്ങനെയായാലും, ആ പ്രഖ്യാപനം സ്വീകരിപ്പാൻ അവർക്ക് പ്രയാസം നേരിട്ടു: അവൻ മരിക്കാതെ സഭ ഉണ്ടാകുകയില്ല. അവന്റെ രക്തത്താൽ രക്ഷിക്കപ്പെടുന്നവരുടെ കൂട്ടമാണ് സഭ (എഫെസ്യർ 5:23, 25; പ്രവൃത്തികൾ 20:28 നോക്കുക). താൻ

മരിക്കേണ്ടതാകുന്നു എന്നു അവൻ അപ്പൊസ്ത ലന്മാരോടു പറയേണ്ട സമയമായി.

**വരുവാനിരുന്ന മോശമായ പെരുമാറ്റത്താൽ അവൻ ഭാരപ്പെട്ടു**

വരുവാനിരിക്കുന്ന തന്റെ മരണത്തെ കുറിച്ച് മുൻപ് യേശു പരോക്ഷമായിട്ടായിരുന്നു സംസാരിച്ചിരുന്നത് (മത്തായി 9:15; 10:38; 12:38–40; യോഹന്നാൻ 2:19–22; 3:14, 15), എന്നാൽ ഇപ്പോൾ അവൻ ആ ആലങ്കാരിക ഭാഷ നിർത്തി. മത്തായി എഴുതി, ''അന്നു മുതൽ യേശു താൻ യെരുശലേമിൽ ചെന്നിട്ട്, മൂപ്പന്മാർ മഹാപുരോഹിതന്മാർ ശാസ്ത്രിമാർ എന്നിവരാൽ പലതും സഹിച്ചു കൊല്ലപ്പെടുകയും, മൂന്നാം നാൾ ഉയിർത്തെഴുന്നേല്ക്കുകയും വേണ്ടത്, എന്നു ശിഷ്യന്മാരോട് പ്രസ്താവിച്ചു തുടങ്ങി" (മത്തായി 16:21). മൂന്നു കൂട്ടരും ഉൾപ്പെടുന്ന ന്യായാധിപസഭയെ[31] സൂചിപ്പിച്ചുകൊണ്ടാണ്, ''മൂപ്പന്മാരും മഹാപുരോ ഹിതന്മാരും ശാസ്ത്രിമാരും" എന്ന പദപ്രയോഗം നടത്തിയത്. "വേണ്ടതു" എന്ന വാക്ക് നിങ്ങളുടെ മനസിൽ അടിവരയിടുക: ദൈവത്തിന്റെ പദ്ധതിയും ഉദ്ദേശവും നിറവേറ്റുവാൻ യേശു *സമർപ്പിക്കപ്പെട്ടിരുന്നു* (യോഹന്നാൻ 6:38)! മർക്കൊസിന്റെ വിവരണം പറയുന്നത് ''മനുഷ്യപുത്രൻ പലതും സഹിക്കയും മൂപ്പന്മാരും മഹാപുരോഹിതന്മാരും ശാസ്ത്രിമാരും അവനെ തള്ളിക്കളഞ്ഞു ... കൊല്ലുകയും, മൂന്നു നാൾ കഴിഞ്ഞിട്ടു അവൻ ഉയിർത്തെഴുന്നേല്ക്കയും വേണം എന്നു അവരെ ഉപദേശിച്ചു തുടങ്ങി. അവൻ ഈ വാക്ക് *തുറന്നു* പറഞ്ഞു" (മർക്കൊസ് 8:31, 32; എംഫസിസ് മൈൻ).

**അവനെ ചുറ്റിപ്പറ്റിയുള്ള തെറ്റിദ്ധാരണയാൽ അവൻ ഭാരപ്പെട്ടു**

യേശുവിന്റെ തുറന്ന പ്രസ്താവന പോലും മനസിലാക്കുവാനും സ്വീകരിപ്പാനും ശിഷ്യന്മാർക്കു പ്രയാസം നേരിട്ടു. മശിഹാ രാജ്യം രാഷ്ട്രീയ സ്വഭാവമുള്ളതായിരിക്കുമെന്നാണ് അവരുടെ ജീവിത കാലമത്രയും പഠിച്ചുവന്നത്. അതുകൊണ്ടു, മരിക്കുമെന്ന ക്രിസ്തു വിന്റെ വാക്ക് അവർക്ക് മനസിലായില്ല. നിങ്ങൾ മതപരമായ തെറ്റിൽ വളർന്നുവന്നിട്ട് അവസാനം സത്യം കേൾക്കുവാനിടയായാൽ, അവരുടെ വിഷമം നിങ്ങൾക്കു ഗ്രഹിക്കുവാൻ കഴിയും.

കർത്താവിന്റെ പ്രഖ്യാപനത്തിൽ പ്രത്യേകിച്ച് പത്രൊസിനു പ്രശ്നം നേരിട്ടിരുന്നു. എങ്ങനെയായാലും, ക്രിസ്തു മശിഹയാണെന്നു, അവൻ ഏറ്റു പറഞ്ഞിരുന്നു! അവന്റെ മനസിൽ, ക്രിസ്തു ഒരു രാജ്യം സ്ഥാപിക്കും എന്ന ഉറപ്പ് അവനുണ്ടായിരുന്നു എന്നും ഏറ്റുപറഞ്ഞു – ഒരു *ഭൗതികമായ* രാജ്യം! അപ്പൊസ്തലനെ സംബന്ധിച്ച്, മരിച്ച മശിഹ വാഴുന്ന[32] മശിഹയാകുമെന്ന ആശയം യോജിക്കാവുന്നതായിരുന്നില്ല. അതുകൊണ്ട് അവൻ ക്രിസ്തുവിനെ തിരുത്തുവാൻ ശ്രമിച്ചു!

മറ്റു ശിഷ്യന്മാരുടെ മുൻപിൽവെച്ച് യജമാനനെ ലജ്ജിപ്പിക്കേണ്ട എന്നു കരുതി, പത്രൊസ് യേശുവിനെ "വേറിട്ടു കൊണ്ടുപോയി." അവർ തനിച്ചായപ്പോൾ, അവൻ പറഞ്ഞു, "'കർത്താവേ, അത് അരുതേ! നിനക്ക്

അങ്ങനെ ഭവിക്കരുതേ' എന്നു, ശാസിച്ചുതുടങ്ങി'' (മത്തായി 16:22). ഈ സന്ദർഭത്തിലെ പത്രൊസിന്റെ ധീരമായ പ്രസ്താവന മനസിലാക്കുവാൻ പറ്റാത്തതാണ് – എന്നാൽ കർത്താവിനെ അനുഗമിക്കുന്നു എന്നവകാശപ്പെടുന്നവർ അവനേക്കാൾ കൂടുതൽ അറിവുള്ളവരാണെന്ന് വിചാരിക്കാറുണ്ട്.

ആ വാചാലനായിരുന്ന അപ്പൊസ്തലനെ അവൻ ശാസിച്ചിട്ടുള്ളതിൽ വെച്ച് ഏറ്റവും കഠിനമായ ശാസനയായിരുന്നു അത്: "അവൻ തിരിഞ്ഞ് പത്രൊസിനോട്, 'സാത്താനേ, എന്നെ വിട്ട് പോ! നീ എനിക്ക് ഇടർച്ചയാകുന്നു ...''' (മത്തായി 16:23). കുറച്ച് മുൻപ്, കർത്താവ് ''പത്രൊസിനെ,'' ''ആശ്രയിക്കാവുന്ന പാറ'' എന്നു വിളിച്ചു. ഇപ്പോൾ അവനെ "സാത്താനേ" എന്നാണ് വിളിച്ചത്, അത് അവന്റെ പൈശാചിക എതിർപ്പ്[33] മൂലമാണ്. തന്റെ ലക്ഷ്യത്തിൽനിന്നു തന്നെ വ്യതിചലിപ്പിക്കുവാൻ ശ്രമിക്കുക വഴി, പത്രൊസ് സാത്താന്റെ ഉപകരണമായി[34] മാറി എന്നാണ്, ക്രിസ്തു പറഞ്ഞത്.

ദൈവിക കാഴ്ച്ചപ്പാട് വെച്ച് ക്രൂശിനെ നോക്കുന്നതിനു പകരം പത്രൊസ് ക്രൂശിനെ മാനുഷിക കാഴ്ച്ചപ്പാട് വെച്ച് നോക്കുവാൻ ശ്രമിച്ചു എന്നതായിരുന്നു പത്രൊസിന്റെ പ്രശ്നം. യേശു അവരോടു പറഞ്ഞു, "... നീ ദൈവത്തിന്റേതല്ല, മനുഷ്യരുടേതത്രേ കരുതുന്നത്" (മത്തായി 16:23).

ആസന്നമായിരിക്കുന്ന തന്റെ മരണത്താലും കർത്താവിന്റെ മനസ് ഭാരപ്പെട്ടിരുന്നു (മത്തായി 26:38, 39). തന്റെ രാജ്യത്തിന്റെ സ്വഭാവ ത്തെയും വാഴ്ച്ചയേയും മനസിലാക്കുന്നതിൽ അവന്റെ ശിഷ്യന്മാർ പരാജയപ്പെട്ടതും അവന്റെ ഭാരം വർദ്ധിപ്പിച്ചു. അവർ ഉപദ്രവത്തിനു പകരം പുകഴ്ച്ചയും, ക്രൂശിനു പകരം കിരീടത്തെയും, മരണത്തിനു പകരം കിരീടത്തേയും[35] ആയിരുന്നു ചിന്തിച്ചത്.

യേശു എല്ലാ ശിഷ്യന്മാരെയും വിളിച്ച് അവരോട് പറഞ്ഞു,[36]

> ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇഛിച്ചാൽ, തന്നെത്താൻ ത്യജിച്ചു, തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും. ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന്നു എന്തു പ്രയോജനം? അല്ലാ തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും? (മത്തായി 16:24–26; കൂടാതെ നോക്കുക മർക്കൊസ് 8:34–37; ലൂക്കൊസ് 9:23–25).

അവൻ പിന്നെയും പറഞ്ഞു, ''വ്യഭിചാരവും പാപവുമുള്ള ഈ തലമുറയിൽ ആരെങ്കിലും എന്നെയും എന്റെ വചനത്തെയും കുറിച്ചു നാണിച്ചാൽ, അവനെക്കുറിച്ചു മനുഷ്യപുത്രനും തന്റെ പിതാവിന്റെ തേജസിൽ വിശുദ്ധദൂതന്മാരുമായി വരുമ്പോൾ നാണിക്കും'' (മർക്കൊസ് 8:38). ഈ വാക്കുകൾക്ക് പൊതുവായ പ്രായോഗികതയാണുള്ളത്, എന്നാൽ പത്രൊസ് യേശുവിന്റെ മരണത്തെക്കുറിച്ചുള്ള പ്രസ്താവനയിൽ ''ലജ്ജിക്ക'' യുണ്ടായി എന്ന് ഓർക്കുക.

അവന്റെ ശാസനയിൽ, വരവിനെ കുറിച്ചു ക്രിസ്തു പറഞ്ഞതു

"പിതാവിന്റെ തേജസിൽ വിശുദ്ധദൂതന്മാരുമായിട്ടാണ് വരുന്നത്." ഇപ്പോൾ അവൻ തന്റെ ശ്രോതാക്കളോട് തറപ്പിച്ചു പറഞ്ഞു, "മനുഷ്യ പുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി *വരും,* അപ്പോൾ അവൻ ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നല്കും" (മത്തായി 16:27; എംഫസിസ് മൈൻ). അവന്റെ രണ്ടാം വരവിനെ കുറിച്ചുള്ള ആദ്യത്തെ വ്യക്തമായ മുന്നറിയിപ്പായിരുന്നു അത്. ആ പുതിയ വെളിപ്പാട് അപ്പൊസ്തലന്മാരുടെ മനസിൽ അങ്കലാപ്പുണ്ടാക്കിയിരുന്നു!

താൻ മരണത്തെ കുറിച്ച് മുന്നറിയിച്ചതുകൊണ്ട് രാജ്യസ്ഥാപനത്തിൽ നിന്നു പിൻമാറി എന്നു കരുതരുത് എന്ന് അവൻ ശിഷ്യന്മാരെ ഓർപ്പിച്ചു: "ദൈവരാജ്യം ശക്തിയോടെ വരുന്നതു കാണുവോളം മരണം[37] ആസ്വദിക്കാത്തവർ ചിലർ ഈ നില്ക്കുന്നവരിൽ ഉണ്ട്, എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു" (മർക്കൊസ് 9:1; കൂടാതെ മത്തായി 16:28; ലൂക്കൊസ് 9:27 നോക്കുക). "*ശക്തി*യോടെ" എന്ന വാക്ക് നന്നായി ശ്രദ്ധിക്കുക. അവൻ പിതാവിന്റെ അടുക്കലേക്ക് ആരോഹണം ചെയ്യുന്നതിനു മുൻപ്, പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾക്ക് "*ശക്തി* ലഭിക്കും" എന്നു ശിഷ്യന്മാരോട് ക്രിസ്തു പറഞ്ഞിരുന്നു (പ്രവൃത്തികൾ 1:8; എംഫസിസ് മൈൻ) അവർ "ആ *ശക്തി* ധരിക്കുവോളം" യെരുശലേമിൽ തന്നെ വസിക്കണമായിരുന്നു (ലൂക്കൊസ് 24:49; എംഫസിസ് മൈൻ). സ്വർഗാരോഹണം കഴിഞ്ഞ് പത്തു ദിവസത്തിനുശേഷം, യെഹൂദ പെരുന്നാളായ പെന്തെക്കൊസ്തുനാളിൽ, പരിശുദ്ധാത്മാവ് ശക്തിയോടെ അവരുടെ മേൽ വരികയും (പ്രവൃത്തികൾ 2:1–4) രാജ്യം/സഭ പണിയുമെന്ന അവന്റെ വാഗ്ദാനം നിറവേറുകയും ചെയ്തു. (വായിക്കുക പ്രവൃത്തികൾ 5:11; 8:1; കൊലൊസ്യർ 1:13; വെളിപ്പാട് 1:6, 9.)[38]

അവരുടെ കാലത്ത് ദൈവരാജ്യം ശക്തിയോടുകൂടെ വരുമെന്നു ക്രിസ്തു പറഞ്ഞത് അപ്പൊസ്തലന്മാർക്ക് മനസിലായോ? ഇല്ല, അവർക്ക് ഇതും സഭ പണിയമെന്നു പറഞ്ഞതും അവന്റെ രാണ്ടാം വരവിനെ കുറിച്ചു പറഞ്ഞതും അധികമൊന്നും പിടികിട്ടിയില്ല – എന്നാൽ വിത്തു വിതച്ചു തുടങ്ങി.

## പർവ്വതശിഖരത്തിൽ: യേശു പ്രോൽസാഹിക്കപ്പെട്ടു

**(മത്താ. 17:1-13; മർക്കൊ. 9:2-13; ലൂക്കൊ. 9:28-36)**

അടുത്ത ഏതാനും ദിവസങ്ങളിൽ സംഭവിച്ചതെന്താണെന്നു സുവി ശേഷ വിവരണത്തിൽ പറയുന്നില്ല. അപ്പൊസ്തലന്മാരുടെ ജീവിതത്തിൽ ഇതുവരെയും യേശു ഉപദേശിച്ചതിൽ അവർക്ക് നേരിട്ട വിഷമവും സംഘർഷവും നമുക്ക് ഊഹിക്കുവാൻ മാത്രമേ കഴിയൂ. അതിന്റെ അവസാനം, ഒരുപക്ഷെ മറ്റൊരു മലമുകളിലേക്ക് യാത്ര ചെയ്യുവാൻ അവൻ ഒരുങ്ങി കാണും, അവൻ അക്ഷരികമായി – പോകുക തന്നെ ചെയ്തു.

### മലമുകളിൽ യേശു ഒരുങ്ങി

> ആറു ദിവസം കഴിഞ്ഞ ശേഷം യേശു പത്രൊസിനേയും യാക്കൊബിനേയും, അവന്റെ സഹോദരനായ യോഹന്നാനെയും കൂട്ടി

> തനിച്ച് ഒരു ഉയർന്ന മലയിലേക്ക് കൊണ്ടുപോയി. അവരുടെ മുമ്പാകെ രൂപാന്തരപ്പെട്ടു; അവന്റെ മുഖം സൂര്യനെപോലെ ശോഭിച്ചു, അവന്റെ വസ്ത്രം വെളിച്ചം പോലെ വെള്ളയായി തീർന്നു. മോശെയും ഏലിയാവും, അവരോട് സംഭാഷിക്കുന്നതായി, അവർ കണ്ടു (മത്തായി 17:1–3).

മോശെയും, ഏലിയാവും, ക്രിസ്തുവും തമ്മിലുണ്ടായ സംഭാഷണ വിഷയം ലൂക്കൊസ് രേഖപ്പെടുത്തിയിട്ടുണ്ട്: അവർ ''തേജസിൽ പ്രത്യക്ഷരായി അവൻ യെരുശലേമിൽ പ്രാപിപ്പാനുള്ള നിര്യാണത്തെ കുറിച്ചു സംസാരിച്ചു" (ലൂക്കൊസ് 9:31). "പുറപ്പെടൽ" എന്നതിനു പകരം, ''മരണം'' എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. മശിഹ മരിക്കുന്ന ആശയം അപ്പൊസ്തലന്മാർക്ക് പ്രയാസമുളവാക്കിയിരുന്നു, എന്നാൽ എല്ലാ കാലത്തുമുള്ള വിശ്വസ്തർക്ക് അവന്റെ മരണം അനിവാര്യമാണെന്നു പഴയനിയമ നായകന്മാർക്ക് മനസിലായിരുന്നു (എബ്രായർ 9:15).

പ്രത്യേക അനുഭവത്തിന്റെ അനുഭൂതിയാൽ എന്തു പറയണമെന്ന റിയാതെ (മർക്കൊസ് 9:6), പത്രൊസ് പതുക്കെ പറഞ്ഞു, "കർത്താവേ, നാം ഇവിടെ ഇരിക്കുന്നതു നന്ന്; നിനക്കു സമ്മതമെങ്കിൽ, ഞാൻ ഇവിടെ മൂന്നു കുടിൽ ഉണ്ടാക്കാം, ഒന്നു നിനക്കും, ഒന്നു മോശെക്കും, ഒന്നു ഏലിയാവിന്നും എന്നു പറഞ്ഞു" (മത്തായി 17:4). അവൻ പറയുമ്പോൾ തന്നെ, "പ്രകാശമുള്ളോരു മേഘം അവരുടെ മേൽ നിഴലിട്ടു, മേഘത്തിൽനിന്നു, 'ഇവൻ എന്റെ പ്രിയ പുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു; ഇവന്നു ചെവി കൊടുപ്പിൻ!' എന്ന, ശബ്ദവുമുണ്ടായി" (മത്തായി 17:5) ആ ശബ്ദം കേട്ടതിനു ശേഷം, "അവർ ചുറ്റും നോക്കിയപ്പോൾ, യേശുവിനെ അല്ലാതെ മറ്റാരെയും കണ്ടില്ല" (മർക്കൊസ് 9:8).

ശിഷ്യന്മാരുടെ പ്രയോജനത്തിനു വേണ്ടിയായിരുന്നു ആ ദർശനം: പത്രൊസിന്റെ ഏറ്റു പറച്ചലും വരുവാനിരിക്കുന്ന യേശുവിന്റെ യെരുശലേമിലെ മരണം മുന്നറിയിക്കുന്നതും ഉറപ്പിക്കുന്നതായിരുന്നു അത്. അതു അപ്പൊസ്തലന്മാർക്ക് ഊന്നൽ കൊടുത്തത് അവൻ എന്തു പറ*ഞ്ഞാലും,* അവർ "അവനെ ശ്രദ്ധിക്കണം" എന്നതിനാണ്!

മാതൃകയില്ലാത്ത ഈ സംഭവം യേശുവിന്റെ പ്രയോജനത്തിനു വേണ്ടിയായിരുന്നു. അവന്റെ മരണത്തിന്റെ പ്രാധാന്യം പന്തിരുവർക്ക് മനസിലായിരുന്നില്ല, എന്നാൽ മോശെക്കും ഏലിയാവിന്നും അതു മനസിലായി. മനുഷ്യർ അവനെ തള്ളിക്കളഞ്ഞിരിക്കാം, പക്ഷെ ദൈവം അവനെ തള്ളിക്കളഞ്ഞില്ല. അവന്റെ മുപ്പതു വർഷത്തെ തയ്യാറെടുപ്പിനു അംഗീകാരം കൊടുത്തുകൊണ്ട്, യഹോവ യേശു സ്നാനം ഏറ്റപ്പോൾ സ്വർഗത്തിൽനിന്നു സംസാരിച്ചു അവന്റെ ശുശ്രൂഷക്കു മുദ്രയിട്ടു. ഇപ്പോൾ അവന്റെ വ്യക്തിപരമായ ശുശ്രൂഷയും ഭരമേല്പിച്ചു കൊടുത്തു. അങ്ങനെ വരുവാനുള്ള കഷ്ടതകൾക്കായി സ്വർഗം അവനെ ഒരുക്കി.

**പർവ്വതത്തിനു താഴെ: ശിഷ്യന്മാർ പരിഭ്രാന്തരായി**

''അവൻ മലയിൽ നിന്നിറങ്ങുമ്പോൾ, യേശു അവരോട്, കല്പിച്ചു, 'മനുഷ്യപുത്രൻ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴു ന്നേല്ക്കും വരെ ഈ ദർശനം ആരോടും പറയരുത്' " (മത്തായി 17:9). തന്റെ മരണത്തെക്കുറിച്ച് യേശു പറഞ്ഞപ്പോൾ, ഉയിർത്തെഴുന്നേല്പിനെ കുറിച്ച് പറഞ്ഞിരുന്നു

(മത്തായി 16:21), എന്നാൽ ഇപ്പോൾ അവൻ അതിനെ ഒരു സമയസൂചനയായി ഉപയോഗിച്ചിരിക്കുന്നു. ഒരിക്കൽ കൂടെ, അവന്റെ ശിഷ്യന്മാർക്ക് അതു മനസിലായില്ല; അവർ പരസ്പരം ചോദിച്ചു "മരിച്ചവരിൽ നിന്ന് എഴുന്നേല്ക്ക എന്നുള്ളതു എന്തു" (മർക്കൊസ് 9:10). കർത്താവ് ഉപമകളാൽ സംസാരിച്ചതുകൊണ്ട് (മത്തായി 13:35), അവൻ ആലങ്കാരികഭാഷയാണ് ഉപയോഗിച്ചത് എന്നാണ് അവർ വിചാരിച്ചത്.

"മരിച്ചവരിൽനിന്ന് എഴുന്നേല്ക്ക" എന്നാൽ എന്താണെന്ന് വിശദമാക്കുവാൻ അവർ അവനോട് ആവശ്യപ്പെട്ടില്ല, എന്നാൽ അവരെ അലോസരപ്പെടുത്തിയ മറ്റു ചിലതു ചോദിച്ചു. അവർ ഇപ്പോൾ ഏലിയാവിനെ കണ്ടു, പക്ഷെ ക്രിസ്തുവിന്റെ ശുശ്രൂഷയുടെ ആരംഭത്തിലല്ല, അവസാനമത്രേ ഏലിയാവ് പ്രത്യക്ഷമായത്. അതുകൊണ്ട് അവർ ചോദിച്ചു, "എന്നാൽ ... ഏലിയാവ് *മുമ്പെ* വരേണ്ടത് എന്നു ശാസ്ത്രിമാർ പറയുന്നത് എന്ത്?" (മത്തായി 17:10; എംഫസിസ് മൈൻ).

യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷയാൽ ഏലിയാവ് വരുമെന്ന പ്രവചനം നിറവേറിയതായി ക്രിസ്തു മുൻപു പറഞ്ഞിരുന്നു (മത്തായി 11:14; ലൂക്കൊസ് 1:17), എന്നാൽ മലയിൽ വെച്ച് ഏലിയാവിനെ അവർ നേരിട്ടു കണ്ടത് ശിഷ്യന്മാരെ പരിഭ്രാന്തരാക്കി. ഏലിയാവ് വന്നു കഴിഞ്ഞു എന്നു യേശു വീണ്ടും പറഞ്ഞു (മത്തായി 17:12). "അപ്പോൾ അവൻ യോഹന്നാൻ സ്നാപകനെ കുറിച്ച് അവരോടു പറഞ്ഞു എന്നു ശിഷ്യന്മാർ ഗ്രഹിച്ചു" (മത്തായി 17:13).

## ഉപസംഹാരം

ക്രിസ്തു മലയിൽ എത്തിയപ്പോൾ, ഒരു ഭൂത–ബാധിതനായ യുവാവിനെ സൗഖ്യമാക്കുവാൻ ശിഷ്യന്മാർക്ക് കഴിയാതെ വന്ന – ഒരു വൈകാരിക താഴ്വര കണ്ടു (മത്തായി 17:14–16) – പക്ഷെ അതു നാം നമ്മുടെ അടുത്ത പാഠത്തിൽ പഠിക്കും. നമുക്ക് ഇപ്പോഴത്തെ പാഠത്തിൽനിന്നു, രണ്ടു പ്രായോഗികതകൾ നോക്കാം: ഒന്ന്, നമുക്ക് ഉയർന്നതും താഴ്ന്നതുമായ വികാരങ്ങൾ ഉണ്ടാകുമ്പോൾ, കർത്താവിനു അതു മനസിലാകും. അവൻ അവിടെ ഉണ്ട്. രണ്ട്, നാം കർത്താവിനെ നിരാശപ്പെടുത്തുമ്പോൾ പോലും, അവൻ നമ്മെ സ്നേഹിക്കും. യേശുവിനുണ്ടായ വിവിധ തരം വികാരങ്ങളെ, നാം ഈ പാഠത്തിൽ ശ്രദ്ധിച്ചു, എന്നാൽ അവന്റെ വികാരങ്ങളിൽ മുഖ്യമായതു സ്നേഹമായിരുന്നു. ശിഷ്യന്മാർ കർത്താവിനെ ദേഷ്യപ്പെടുത്തിയപ്പോൾ പോലും, അവൻ അവരെ സ്നേഹിച്ചു. "അവൻ അവസാനത്തോളം സ്നേഹിച്ചു'' എന്ന് അവരിൽ ഒരാൾ പിന്നീട് എഴുതി (യോഹന്നാൻ 13:1). ഇതു നിങ്ങളെ ആശ്വസിപ്പിച്ച് നിങ്ങളുടെ ഉള്ളിൽ സമാധാനം കൊണ്ടു വന്നില്ലെങ്കിൽ, മറ്റൊന്നും കൊണ്ടുവരികയില്ല.

---

കുറിപ്പുകൾ

[1]നിങ്ങൾക്കു വേണമെങ്കിൽ ആ പിൻവലിയൽ പരമ്പരയെ പുനരവലോകനം നടത്താം. (ഈ പുസ്തകത്തിൽ ആദ്യം വരുന്ന "വിജയത്തിന്റെ അപകടം," എന്ന പാഠം നോക്കുക.) [2]ഈ പാഠത്തിലുള്ള "യേശുവിന്റെ ശുശ്രൂഷക്കിടയിലെ പാലസ്തീൻ" എന്ന

ചിത്രത്തിൽ, ആ ടൗണുകൾ കാണാം. [3]സദൂക്യരെ കുറിച്ചു കൂടുതലറിയുവാൻ, *ക്രിസ്തുവിന്റെ ജീവിതം, 1* –ലുള്ള "ക്രിസ്തു വന്നതായ ലോകം" എന്ന പാഠം നോക്കുക. [4]ക്രിസ്തുവിന്റെ ശുശ്രൂഷയുടെ അവസാന ആഴ്ച്ചയിൽ പരീശന്മാരും സദൂക്യരും വീണ്ടും യോജിക്കുന്നതു നാം കാണും – അതായത് "ചോദ്യങ്ങളുടെ ദിവസ" ത്തിനിടയിൽ. [5]"രാഷ്ട്രീയക്കാർ സൂത്രങ്ങൾ മെനയും" എന്നതു ഞങ്ങളുടെ സ്ഥലത്തെ പഴയ ഒരു പ്രയോഗമാണ്. പൊതുവായ ഒരു കാരണത്തിന് യോജിക്കുവാൻ സാധ്യതയില്ലാത്തതിനെ ഒന്നിപ്പിക്കുവാൻ കഴിയും. [6]മൂലഗ്രന്ഥത്തിലെ അതിന്റെ അക്ഷരിക അർത്ഥം "സ്വർഗത്തിൽനിന്ന്" എന്നാണ്. ഇതിനെ "ദൈവത്തിൽനിന്ന്" എന്നതിനു പകരം, "ആകാശത്തിൽനിന്ന്" എന്നു തർജിമ ചെയ്യാവുന്നതാണ്. [7]ഇതിനെ കുറിച്ചുള്ള മുൻപത്തെ വിശദീകരണത്തിനു, *ക്രിസ്തുവിന്റെ ജീവിതം, 2* ലെ "ഒരു തിരക്കുള്ള ദിവസം," എന്ന പാഠം നോക്കുക. [8]പഴയ ഒരു ചൊല്ലുണ്ട്: "രാത്രിയിലെ ചുവന്ന ആകാശം ഇടയന്നു സന്തോഷ മുളവാക്കുന്നതാണ്; പ്രഭാതത്തിലെ ചുവന്ന ആകാശം അവനു മുന്നറിയിപ്പുമാണ്" (വില്യം ബാർക്ക്ലേ, *ദ ഗോസ്പെൽ ഓഫ് മാത്യു*, റെവ. എഡി., വാല്യം. 2, ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് [ഫിലദെൽഫിയ: വെസ്റ്റ്മിൻസ്റ്റർ പ്രെസ്, 1975], 129). [9]യേശു ചെയ്ത "അടയാളങ്ങൾ" (അത്ഭുതങ്ങൾ) സൂചിപ്പിക്കുന്ന പ്രയോഗമായ "സൈൻസ് ഓഫ് ദ ടൈംസ്" തെളിയിക്കുന്നത് യെഹൂദന്മാർ നൂറ്റാണ്ടുകളായി നോക്കിപാർത്തിരുന്ന "കാലം" വന്നതായിട്ടാണ്: മശിഹയുടേയും രാജ്യത്തിന്റേയും വരവിനെയാണ്! ചിലർ പറയുന്നതുപോലെ, അതു ക്രിസ്തുവിന്റെ രണ്ടാം വരവിനുള്ള "അടയാളം" സൂചിപ്പിക്കു*ന്നില്ല*. [10]*ക്രിസ്തുവിന്റെ ജീവിതം, 2* ലെ "യോനയുടെ അടയാളം" എന്നതു വായിക്കുക.

[11]ഈ പുസ്തകത്തിലെ "ക്രിസ്തുവിന്റെ ശുശ്രൂഷക്കിടയിലെ പാലസ്തീൻ," എന്ന ചിത്രം നോക്കുക. [12]"സദൂക്യരുടെ പുളിച്ച മാവും" "ഹെരോദ്യരുടെ പുളിച്ച മാവും" എന്ന പ്രയോഗം മാറി മാറി ഉപയോഗിച്ചിരിക്കുവാനിടയുണ്ട്, എന്നാൽ അവ വെവ്വേറെ ചർച്ച ചെയ്യുന്നതു നന്നായിരിക്കും. [13]*ക്രിസ്തുവിന്റെ ജീവിതം, 2* ലെ "കാറ്റ് ശേഖരിക്കൽ" എന്ന പാഠം നോക്കുക. [14]ഈ പുസ്തകത്തിൽ ആദ്യം വന്നതായ "അവൻ അവരോട് പലതും ഉപമകളായി സംസാരിച്ചു," എന്ന പാഠത്തിൽ മാവിനെക്കുറിച്ചു ചർച്ച ചെയ്തതു അവലോകനം നടത്തുക. [15]ഈ പുസ്തകത്തിലുള്ള "ക്രിസ്തുവിന്റെ ശുശ്രൂഷാകാലത്തെ പാലസ്തീൻ" എന്ന ചിത്രം നോക്കുക. [16]എംപതി ഏതാണ്ട് സിംപതിയോടു തുല്യമാണ്, പക്ഷെ ശക്തമാണ്. സിംപതറ്റിക് എന്നാൽ ആരോടെങ്കിലും സഹതാപം "തോന്നുന്നതാണ്," എന്നാൽ എംപതറ്റിക് എന്നു പറഞ്ഞാൽ ഏതെങ്കിലും വ്യക്തിയിൽ സഹതാപം "കാണിക്കുക" എന്നതാണ് – അതായതു, അയാളുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അയാളെ തിരിച്ചറിയുക എന്നർത്ഥം. [17]യേശു അത്ഭുതകരമായി ഒരു കുരുടനെ സൗഖ്യമാക്കുന്നതു മർക്കൊസ് മാത്രമാണ് പറഞ്ഞിരിക്കുന്നത്. മർക്കൊസ് മാത്രം പറയുന്ന രണ്ടു പ്രത്യേക അത്ഭുതങ്ങളിൽ ഒന്നാണിത്. മറ്റൊന്ന് 7:31–37 ലെ ചെകിടനെ സൗഖ്യമാ ക്കുന്നതാണ്. [18]ഈ പുസ്തകത്തിലുള്ള "ക്രിസ്തുവിന്റെ ശുശ്രൂഷാകാലത്തെ പാലസ്തീൻ" എന്ന ചിത്രത്തിൽ ബേത്സെയിദാ–ജൂലിയസ് നോക്കുക. [19]ആ അത്ഭുതം "ക്രമേണ സംഭവിച്ചതായി" പറയപ്പെടുന്നുണ്ട്, അതിൽ ഉപയോഗിച്ച പദപ്രയോഗം തെറ്റിദ്ധാരണ ഉണ്ടാക്കുന്നതാണ്. അങ്ങേയറ്റം, ഏതാനും മിനിറ്റുകൾ മാത്രമേ അതിനു വേണ്ടി വന്നുള്ളൂ. അതു ഇന്നു നടത്തുന്ന ദിവസങ്ങളും, ആഴ്ച്ചകളും, മാസങ്ങളും വേണ്ടി വരുന്ന "ക്രമേണയുള്ള" രോഗസൗഖ്യം പോലെ ആയിരുന്നില്ല. [20]അഭിപ്രായ വോട്ടെടുപ്പിലൂടെ സത്യം കണ്ടെത്തുവാൻ കഴിയുകയില്ല എന്നതിന്റെ നല്ല ഉദാഹരണമാണിത്.

[21]"നല്ല സ്വീകാരം" എന്ന പദപ്രയോഗം 1 തിമൊഥെയൊസ് 6:12, 13 ലുണ്ട്.

[22]"യോനയുടെ പുത്രൻ" എന്നതിനുള്ള എബ്രായ വാക്കാണ് "ബർയോനാ." ശരിക്കും, പത്രൊസിന്റെ അപ്പന്റെ പേർ യോനാ എന്നായിരുന്നു. [23]മറ്റുള്ളവർക്ക് ലഭിക്കാതിരുന്ന പ്രത്യേക വെളിപ്പാട് പത്രൊസിനു ലഭിച്ചു എന്ന് ഇതിനാൽ അർത്ഥമാക്കരുത്. മറിച്ച്, യേശുവിന്റെ സന്ദേശം മനുഷ്യരിൽ നിന്നല്ല, ദൈവത്തിൽനിന്നാണ് എന്നത്രേ അതു തെളിയിച്ചത്. പത്രോസിനു ദൈവം ഇതു വെളിപ്പെടുത്തി കൊടുത്തതു യേശുവിന്റെ ഉപദേശവും ജീവിതവും *മുഖാന്തര* മായിരുന്നു. [24]അവരുടെ ആദ്യത്തെ പോപ്പ് പത്രൊസ് ആയിരുന്നു എന്നതിനു അവർ എടുക്കുന്ന പ്രാഥമിക "തെളിവ്" ആയിരുന്നു മത്തായി 16:18, 19. [25]ഡബ്ലിയു. ഇ. വൈൻ, *ദ എക്സ്പാന്റഡ് വൈൻസ് എക്സ്പോസിറ്ററി ഡിക്ഷ്ണറി ഓഫ് ന്യു ടെസ്റ്റമെന്റ് വേർഡ്സ്*, എഡി. ജോൺ ആർ. കോലെൻബെർഗർ III വിത്ത് ജെയിംസ് ഏ. സ്വാൻസൺ (മിന്നെപൊലീസ്: ബെഥനി ഹൗസ് പബ്ലിഷേഴ്സ്, 1984), 974. യേശു അരാമ്യഭാഷയിലാണ് സംസാരിച്ചിരുന്നതെന്നും, അരാമ്യഭാഷയിൽ "പാറ" ക്ക് രണ്ടു വാക്കുകളില്ല എന്നും പറയപ്പെടുന്നുണ്ട് – എന്നാൽ അതു വെറും ഊഹം മാത്രമാണ്. നമുക്ക് തീർച്ചയുള്ളത് എന്തെന്നാൽ ദൈവശ്വാസിയ ഗ്രന്ഥം രണ്ട് വ്യത്യസ്ത ഗ്രീക്ക് വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത് എന്നാണ്. [26]ചില പ്രൊട്ടസ്റ്റന്റ് വ്യാഖ്യാതാക്കൾ എഫെസ്യർ 2:20 ചൂണ്ടിക്കാട്ടി ക്രിസ്ത്യാനികൾ "പണിയപ്പെട്ടിരിക്കുന്നത് ക്രിസ്തു മൂലക്കല്ലായും, അപ്പൊസ്ത ലന്മാരും പ്രവാചകന്മാരും അടിസ്ഥാനമായും ആണെന്നാണ്." ആ വേദഭാഗത്തിൽ നിന്നു അവർ തീർപ്പാക്കുന്നതെന്തെന്നാൽ ക്രിസ്തു പറ*യുന്നത്* ഒരർത്ഥത്തിൽ സഭ പണിതതു പത്രൊസിന്മേലാണ് – എന്നാൽ പത്രൊസിന്മേൽ *മാത്ര*മല്ല, എല്ലാ അപ്പൊ സ്തലന്മാരിലുമാണ് എന്നാണ്. ഈ വ്യാഖ്യാനം അപകടകരമല്ല (പത്രൊസിന്മേൽ മാത്രമാണ് സഭ പണിതതെന്ന കത്തോലിക്കരുടെ വാദത്തിനു ഇത് ഉത്തരം നല്കുന്നു), എന്നാൽ രണ്ടു നിർദ്ദേശങ്ങൾ ഇവിടെ അനിവാര്യമാണ്: (1) മത്തായി 16–ലേയും എഫെസ്യർ 2–ലേയും എണ്ണം വ്യത്യസ്തവും തെറ്റിദ്ധരിക്കാവുന്നതുമല്ല. (2) എഫെസ്യർ 2:20–ൽ പോലും, അർത്ഥമാക്കുന്നത് സഭ പണിതിരിക്കുന്നത് അപ്പൊസ്തലന്മാരുടേയും പ്രവാചകന്മാരുടേയും *ഉപദേശത്തിന്മേലാണ്* – അവരുടെ ഉപദേശം യേശുവിൽ കേന്ദ്രീകരിക്കുന്നതായിരുന്നു (നോക്കുക 1 കൊരിന്ത്യർ 2:2; ഗലാത്യർ 6:14). [27]ജെ. ഡബ്ളിയു. മെക്ഗാർവേയും ഫിലിപ്പ് വൈ. പെന്റിൽറ്റണും, *ദ ഫോർ ഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാന്റേർഡ് പബ്ളിഷിങ്ങ് കമ്പനി., 1914), 412. [28]പുതിയനിയമത്തിൽ ഗ്രീക്കിൽനിന്നു തർജിമ ചെയ്തിരിക്കുന്ന ''സഭ'' എന്ന വാക്കിനു വ്യത്യസ്ത അർത്ഥമാണുള്ളത്. [29]സഭയിലെ എല്ലാ അംഗങ്ങളേയും കൊന്നാലും, സഭയെ നശിപ്പിക്കുവാൻ സാധ്യമല്ല, കാരണം സഭ/രാജ്യത്തിന്റെ "വിത്ത്" വചനം ആണ് (ലൂക്കൊസ് 8:11). വചനത്തെ നശിപ്പിക്കുവാൻ കഴിയാത്തതുകൊണ്ട് (1 പത്രൊസ് 1:23–25), വിത്തിന്റെ രൂപത്തിലാണെങ്കിലും, സഭ *എപ്പോഴും* ഉണ്ടായിരിക്കും. [30]കുഴപ്പംപിടി ച്ചതായതുകൊണ്ട്, മിക്ക തർജിമക്കാർക്കും ആ വാക്യം അക്ഷരി കമായി തർജിമ ചെയ്യാൻ കഴിഞ്ഞിട്ടില്ല; അവർ ഒന്നുകിൽ "ഷാൽ ബി" അല്ലെങ്കിൽ "വിൽ ബി" ബൗണ്ട് ഓർ ലൂസ്ഡ് എന്ന് തർജിമ ചെയ്യും (കെജെവിയും എൻഐവിയും നോക്കുക). എൻഏഎസ്ബിയിൽ പോലും ഒരു റെവിഷനിൽ "ഷാൽ ബി" എന്നു മാറ്റിയിട്ടുണ്ട്, എന്നാൽ ആധുനിക റെവിഷനിൽ അവർ അക്ഷരിക തർജിമയിലേക്ക് തിരിച്ചു പോയി.

[31]ന്യായാധിപസഭയെ കുറിച്ചുള്ള ചുരുങ്ങിയ വിശദീകരണത്തിനു, *ക്രിസ്തു വിന്റെ ജീവിതം, 1-ലെ* "ക്രിസ്തു വന്നതായ ലോകം," എന്ന പാഠം നോക്കുക. [32]"മൂന്നു ദിവസങ്ങൾക്കു ശേഷം" അവൻ "വീണ്ടും എഴുന്നേൽക്കും" എന്നു ക്രിസ്തു പറഞ്ഞു, എന്നാൽ അപ്പൊസ്തലന്മാർക്ക് ആ വാക്കുകൾ മനസിലായില്ല (മർക്കൊസ് 9:10 നോക്കുക). [33]"സാത്താൻ" എന്ന വാക്കിന്റെ അക്ഷരിക അർത്ഥം "പ്രതിയോഗി"

എന്നാണ്. [34]മരുഭൂമിയിലെ പരീക്ഷണങ്ങളിലൊന്ന് ക്രൂശ് കൂടാതെ രാജാവാകുന്നതിനുള്ളതായിരുന്നു. [35]ഒരു ഭരണാധികാരി ധരിക്കുന്ന കിരീടത്തിനാണ് “ഡയാഡെം” എന്നു പറയുന്നത്. [36]മർക്കൊസ് 8:34 അനുസരിച്ച്, അവൻ ആ വാക്കുകൾ അടുത്തു നിന്നവരോടും പറഞ്ഞു. [37]അവിടെ നിന്നവരിൽ ചുരുങ്ങിയത് ഒരാൾ – യൂദാ – രാജ്യം സ്ഥാപിതമാകുന്നതിനു മുൻപ് മരിച്ചു, പക്ഷെ മിക്കപേരും മരിച്ചില്ല. [38]യേശു രാജ്യം സ്ഥാപിച്ചിട്ടില്ല എന്നു വിശ്വസിക്കുന്നവർ (ഉദാഹരണത്തിനു ആയിരമാണ്ട് വാഴ്ച്ചക്കുമുമ്പ് എന്ന സിദ്ധാന്തക്കാർ) വിഷമിക്കുന്ന ഭാഗമാണ് മർക്കൊസ് 9:1. പ്രചാരത്തിലിരിക്കുന്ന ഒരു “പ്രയോഗമാണ്” മറുരൂപം എന്ന വാക്ക്. ജെ. ഡബ്ലിയു. മെക്ഗാർവേ എഴുതി, “ആ പ്രയോഗത്തെ മറുരൂപമെന്നു പറഞ്ഞ വർക്ക് തെറ്റിപോയി, കാരണം ആ സമയത്ത് രാജ്യം സ്ഥാപിച്ചിട്ടില്ല” (മെക്ഗാർവേ ആന്റ് പെൻലെറ്റൺ, 417).